(ബി) സ്ഥലത്തെ ക്രമസമാധാനനില, പോലീസ് സ്റ്റേഷനിലേക്കുള്ള ദൂരം മുതലായവയും, പൊതുജനങ്ങളുടെ ആവശ്യവും മുൻനിർത്തിയാണ് പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നത്.

(സി) എണ്ണം നിശ്ചയിച്ചിട്ടില്ല.

ഫയർ സ്റ്റേഷൻ

151. [207] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86-ൽ പുതിയതായി എവിടെയെങ്കിലും ഫയർ സ്റ്റേഷൻ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ; എവിടെയെല്ലാം ;

(ബി) ഈ വർഷം പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ ; ഉണ്ടെങ്കിൽ എവിടെ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട്. രണ്ടെണ്ണം കട്ടപ്പന, തൊടുപുഴ എന്നീ സ്ഥലങ്ങളിൽ.

(ബി) ഉദ്ദേശമുണ്ട്. ഏതെല്ലാം സ്ഥലങ്ങളിൽ എന്ന് തീരുമാനിച്ചിട്ടില്ല.

പോലീസ് കോൺസ്റ്റബിൾമാർ

152. [208] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ പോലീസ് വകുപ്പിൽ ഇപ്പോൾ എത്ര കോൺസ്റ്റബിൾമാരാണുള്ളത് ;

(ബി) ഇപ്പോഴത്തെ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം എത്ര കോൺസ്റ്റബിൾമാരെ നിയമിച്ചു ;

(സി) അടുത്ത ഒരു വർഷത്തിനകം എത്ര കോൺസ്റ്റബിൾമാരെക്കൂടി നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ട് ?

ഉത്തരം

(എ) 20678.

(ബി) 6135 പേരെ.

(സി) പുതിയ പോസ്റ്റുകൾ വരുന്നതനുസരിച്ചും ഒഴിവുകൾ വരുന്നമുറയ്ക്കും പി. എസ്. സി. യുടെ ഉപദേശം കിട്ടുന്ന മുറയ്ക്കും നിയമനം നടത്തുന്നതാണ്. കൃത്യമായ കണക്ക് ഇപ്പോൾ പറയാൻ നിർവ്വാഹമില്ല.

പാലാ സബ് ഡിവിഷനിലെ പോലീസുദ്യോഗസ്ഥൻമാരുടെ സസ്പെൻഷൻ

153. [209] ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലാ പോലീസ് സബ് ഡിവിഷനിലുള്ള പോലീസ് ഉദ്യോഗസ്ഥൻമാരെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സസ്പെൻഡ് ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം റാങ്കിലുള്ള ഉദ്യോഗസ്ഥൻമാർ ;

(സി) അവർ ആരെല്ലാം ;

(ഡി) അവരുടെ പേരിൽ ആരോപിക്കപ്പെട്ടിരിക്കുന്ന കുറ്റങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly